## സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം
## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(ഹാജർ- ശ്രീമതി അനുപമ ടി.വി IAS, വനിത ശിശുവികസന ഡയറക്ടർ)

വിഷയം :- വനിത ശിശുവികസന വകുപ്പ് - ഐ.സി.പി.എസ് -2020-21 സാമ്പത്തിക വർഷത്തെ ഓർഫനേജ് ഗ്രാന്റ് തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1) 1964 ലെ കേരള ഗ്രാന്റ് ഇൻ എയ്ഡ് റൂൾസ്.
2) സ.ഉ (അച്ചടി) നം. 4/2021/സാനീവ തീയതി 02.02.2021.
3) ഈ കാര്യാലയത്തിലെ 11.01.2022 ലെ ICPS 4(ബി)/908/2021(2) നമ്പർ പരിപത്രം.
4) വിവിധ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുടെ അപേക്ഷ
5) ഈ കാര്യാലയത്തിലെ 10.03.2022 ലെ ഇതേ നമ്പര് നടപടിക്രമങ്ങൾ
6) ഈ കാര്യാലയത്തിലെ 19.03.2022 ലെ ഇതേ നമ്പര് നടപടിക്രമങ്ങൾ
7) മലപ്പുറം ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ അപേക്ഷ.

## ഉത്തരവ് നമ്പർ - ICPS-4(B)/908/2021(1) തീയതി : 21.03.2022

ഓർഫനേജ് കൺട്രോൾ ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് പരാമർശം(1) പ്രകാരം സാമൂഹ്യനീതി വകുപ്പ് മുഖേന ആണ് ഗ്രാന്റ് അനുവദിച്ച് വന്നിരുന്നത്. എന്നാൽ പരാമർശം(2) പ്രകാരം, കുട്ടികളെ സംരക്ഷിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിയ്ക്കുന്നതിനു ഗ്രാന്റ് ഇൻ എയ്ഡ് റൂൾസ് ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം കേരള ഗ്രാന്റ് ഇൻ എയ്ഡ് റൂൾ (12) അനുസരിച്ച് വനിത ശിശു വികസന ഡയറക്ടർ ആണ് ഗ്രാന്റ് അനുവദിയ്ക്കേണ്ടത്

ഇതിന്റെ അടിസ്ഥാനത്തിൽ ഓർഫനേജ് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം(3) പ്രകാരം പുറപ്പെടുവിച്ചിരുന്നു. കൂടാതെ ജുവനൈൽ ജസ്റ്റിസ് നിയമം 2015 പ്രകാരവും ഓർഫനേജ് ആൻഡ് അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ ആൻഡ് കൺട്രോൾ) നിയമം 1986 പ്രകാരവും രജിസ്ട്രേഷനുള്ള, കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് നൽകുന്നതിനായി 2020-21 സാമ്പത്തിക വർഷം ബജറ്റിൽ തുക വകയിരുത്തിയിരുന്നു.

പരാമർശം(5) പ്രകാരം വിവിധ ജില്ലകളിലെ ക്ഷേമ സ്ഥാപനങ്ങൾക്ക് 2020-21 വർഷത്തെ ഗ്രാന്റ് നൽകുന്നതിനും, മുൻ വർഷങ്ങളിൽ കുറവായി ലഭിച്ചതുമായ തുകയുടെ വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർമാർ അപേക്ഷകൾ നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 2020-21 സാമ്പത്തിക വർഷ കാലയളവിലേക്ക് 2235-02-104-98 (NP) 36 ശീർഷകത്തിൽ നിന്നും ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് 2,50,87,629/- രൂപ പരാമർശം(5) പ്രകാരവും മുൻ വർഷ കാലയളവിലെ കുടിശ്ശിക തുക ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് 706256/- രൂപ അലോട്ട്മെന്റായി പരാമർശം (6) പ്രകാരവും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ 2 ക്ഷേമസ്ഥാപനങ്ങൾക്ക് 2020-21 വർഷത്തെ ഗ്രാന്റ് 435844/- രൂപ അനുവദിക്കുന്നതിന് ജില്ലാ വനിതാ ശിശു വികസന ഓഫീസർ പരാമർശം(7) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, പരാമർശം(7) അപേക്ഷയുടെ അടിസ്ഥാനത്തിൽ 435844/- രൂപ കുട്ടികളെ സംരക്ഷിക്കുന്നതിന് രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്ന 2235-02-104-98 (NP) 36 ശീർഷകത്തിൽ നിന്നും മലപ്പുറം ജില്ല വനിത ശിശു വികസന ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| ഓർഫനേജ് H/A - 2235-02-104-98(NP) 36 | | | |
|---|---|---|---|
| ക്രമ നം | ജില്ല | മുനിസിപ്പാലിറ്റി | ആകെ തുക |
| | Sub Head | 192 | |
| 1 | മലപ്പുറം | 435844 | 435844 |
| ആകെ | | | 435844 |

മേൽ പട്ടിക പ്രകാരം അനുവദിക്കുന്ന തുക അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ബന്ധപ്പെട്ട ക്ഷേമ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതും ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം, KFC ഫോം (44) ൽ വാങ്ങേണ്ടതും പകർപ്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

**(ഒപ്പ്)**
**വനിത ശിശുവികസന ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)**

ജില്ലാ വനിത ശിശു വികസന ഓഫീസർ, മലപ്പുറം

<u>പകർപ്പ്</u>

1) സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ (ആമുഖ കത്ത് സഹിതം)
2) ഐ.സി.പി.എസ - 4
3) സ്റ്റോക്ക് ഫയൽ
4) വെബ് സൈറ്റ്

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12
WOMEN & CHILD DEVELOPMENT DEPARTMENT